# പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 4005 — 19.03.2018 -ൽ മറുപടിയ്ക്ക്

**ഭവനനിർമ്മാണം പൂർത്തിയാക്കാൻ ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) മുൻകാല പദ്ധതികളിൽ ഭവന നിർമ്മാണത്തിനായി പണം അനുവദിച്ചതിൽ വീട് പൂർത്തിയാക്കാൻ കഴിയാത്തവരെ സഹായിക്കാൻ പ്രത്യേക കർമ്മപദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. 2016 മാർച്ച് 31 ന മുൻപ് കരാറിൽ ഏർപ്പെട്ടകയോ ഒരു ഗഡു തുക കൈപ്പറ്റുകയോ ചെയ്യുകയും എന്നാൽ പൂർത്തീകരണം നടത്താൻ സാധിക്കാത്തതുമായ ഗുണഭോക്താക്കളുടെ പൂർത്തീകരണമാണ് ആദ്യ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. 2016 മാർച്ച് 31 ന മുൻപ് ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാനാകാത്ത 63017 ഗുണഭോക്താക്കളിൽ 12352 ഗുണഭോക്താക്കളുടെ ഭവനങ്ങൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. മുഴുവൻ ഭവനങ്ങളും 2018 മാർച്ച് 31 ന മുൻപ് പൂർത്തീകരിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടന്നു വരികയാണ്. |
| (ബി) ഏത് കാലയളവുവരെ ധന സഹായം ലഭിച്ചവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്ന് അറിയിക്കാമോ; | (ബി) 2016 മാർച്ച് 31 ന മുൻപ് കരാറിൽ ഏർപ്പെട്ടകയോ ഒരു ഗഡു തുക കൈപ്പറ്റുകയോ ചെയ്യുകയും എന്നാൽ പൂർത്തീകരണം നടത്താൻ സാധിക്കാത്തതുമായ ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്. |
| (സി) ഗുണഭോക്താക്കളുടെ സമഗ്രമായ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയത് സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) ഭവനരഹിതർ എന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനവും അയൽക്കൂട്ടവും കണ്ടെത്തിയവരിൽ പട്ടികയിൽപെട്ടവരുടെ ഭവനം സന്ദർശിച്ച് വിശദമായ സർവ്വെ നടത്തിയാണ് ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയത്. ആയതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്.<br>• ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി |

പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ട താണ്.

- സർക്കാർ/അർദ്ധ സർക്കാർ/ പൊതു മേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബ ങ്ങളെ ഒഴിവാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ചു സെന്റിലേറെയോ ഭൂമി സ്വന്ത മായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടിക വർഗ്ഗത്തിന് ബാധകമല്ല).
- ഉപജീവനതൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലു ചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിത രായവർ ഒഴിവാക്കപ്പെടേണ്ട താണ്.

Sd/-

സെക്ഷൻ ഓഫീസർ